**Desabhimani**
**27 August 2018**
**Kochi, After Flood, Rebuild Kerala**



അവധിയില്ലാതെ ദിവസവും സേവനം

# പുനർനിർമാണത്തിന് രൂപരേഖയായി

- ജില്ലയിൽ മരണം 15
- നാശനഷ്ടക്കണക്കെടുപ്പ് തുടങ്ങുന്നു
- കെടുതിയിൽപെട്ടവർക്ക് മുഴുവൻ ദുരിതാശ്വാസം
- റവന്യൂ, സിവിൽ സപ്ലൈസ്, ആരോഗ്യം, തദ്ദേശസ്വയംഭരണ വകുപ്പുകളിൽ ഓണത്തിന് രണ്ടു മണിക്കൂർ മാത്രം അവധി
- കിണറിലെ മലിനജലം മോട്ടോറുപയോഗിച്ച് വറ്റിച്ച ശേഷമുള്ള ജലത്തിലേ ക്ലോറിൻ ലയിപ്പിക്കാവൂ

**കൊച്ചി**
ജീവൻരക്ഷാ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ജില്ലയിൽ ദുരിതബാധിതമേഖലയിൽ നടത്തേണ്ട ശുചീകരണ, പുനർനിർമാണ പ്രവർത്തനങ്ങൾക്ക് രൂപരേഖയായി.

ജില്ലയിലെ എംഎൽഎമാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിലാണ് തീരുമാനം. 15 മരണങ്ങളാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കാണാതായ ആളുകളെ സംബന്ധിച്ച വിവരശേഖരണം തുടരുന്നു. നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് ഈ ആഴ്ച തുടങ്ങുമെന്ന് കലക്ടർ കെ മുഹമ്മദ് വൈ സഫീറുള്ള അറിയിച്ചു..

മൃഗങ്ങളുടെ ശവങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അറിയിക്കുന്ന മുറയ്ക്ക് ആരോഗ്യവകുപ്പ് ജീവനക്കാർ മറവുചെയ്യും. ക്യാമ്പുകളിൽ താമസിച്ചവർക്കുമാത്രമല്ല, വെള്ളപ്പൊക്കത്തിന്റെ ദുരിതമനുഭവിച്ച മുഴുവൻപേർക്കും ദുരിതാശ്വാസത്തിന് അർഹതയുണ്ട്. ഈ മാസം ശേഷിക്കുന്ന മുഴുവൻ ദിവസങ്ങളും റവന്യൂ, സിവിൽ സപ്ലൈസ്, ആരോഗ്യം, തദ്ദേശ സ്വയംഭരണ വകുപ്പുകളിൽ പ്രവൃത്തി ദിവസമായിരിക്കും. തിരുവോണദിവസം ഉച്ചയ്ക്ക് രണ്ടു മണിക്കൂർ അവധിയെടുക്കാം.

മാലിന്യങ്ങൾ ജലസ്രോതസ്സുകളിൽ നിക്ഷേപിച്ചാൽ കർശന നടപടിയെടുക്കാനും യോഗം തീരുമാനിച്ചു. ഇക്കാര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ ജാഗ്രത പുലർത്തണം. ശുചീകരണസാമഗ്രികൾ കോയമ്പത്തൂരിൽനിന്നും ടിസിസി അടക്കമുള്ള കമ്പനികളിൽനിന്ന് ലഭ്യമാക്കും. ഇവ നേരിട്ട് വിതരണം ചെയ്യാൻ നടപടികളെടുക്കുമെന്നും കലക്ടർ അറിയിച്ചു. റേഷൻകാർഡ് നഷ്ടപ്പെട്ടവർക്ക് തടസ്സം കൂടാതെ റേഷൻ സാധനങ്ങൾ ലഭ്യമാക്കും. ഗുണഭോക്താക്കളുടെ പേരുവിവരവും റേഷൻകാർഡ് നമ്പറും കടയിൽ ലഭ്യമാണ്.

ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ട ആരു ചെന്നാലും ആ കാർഡിൽ അനുവദനീയമായ അളവിലുള്ള സാധനങ്ങൾ നല്കാൻ താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നിർദേശം നൽകി. കരിഞ്ചന്തയും പൂഴ്ത്തിവെപ്പും ശ്രദ്ധയിൽപെട്ടാൽ കർശന നടപടിയെടുക്കും. പാഠപുസ്തകങ്ങൾ സർക്കാരുമായി ആലോചിച്ച് ലഭ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

കൺട്രോൾറൂമുമായി ബന്ധിപ്പിച്ചാണ് ക്യാമ്പുകളിൽ ശുദ്ധജലമെത്തിച്ചിരുന്നത്. ജില്ലയിലെ 25 ജലവിതരണപദ്ധതികളും പ്രവർത്തിപ്പിച്ചിരുന്നില്ല. കഴിഞ്ഞ ദിവസം ആലുവ പ്ലാന്റ് പ്രവർത്തനം തുടങ്ങി. പിറവത്ത് ബുധനാഴ്ച തുടങ്ങും. രണ്ടുദിവസത്തിനകം എല്ലാ കേന്ദ്രങ്ങളും തുറക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ജലവിതരണപ്രശ്നങ്ങൾ നിരീക്ഷിക്കാൻ വാട്ടർ അതോറിറ്റി പ്രതിനിധിയുടെ 24 മണിക്കൂർ സേവനവും ഉറപ്പാക്കിയിട്ടുണ്ട്. 150ലധികം പിഡബ്ല്യുഡി റോഡുകൾ ചെളിമൂടിയിട്ടുണ്ട്. ഇവ കരസേനയുടെ സഹായത്തോടെ വൃത്തിയാക്കും.

22, 23 തീയതികളിൽ എല്ലാ താലൂക്കുകളും സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തും. ആലുവ, പറവൂർ താലൂക്കുകളാണ് ആദ്യം സന്ദർശിക്കുക.

ജില്ലയിലെ മുഴുവൻ എംഎൽഎമാരും മഴക്കെടുതിയുമായി ബന്ധപ്പെട്ട് തങ്ങളുടെ മണ്ഡലത്തിലെ വിവിധ പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെട്ടതായും ജില്ലയുടെ ചുമതല വഹിക്കുന്ന മന്ത്രി സി രവീന്ദ്രനാഥും മറ്റു ജനപ്രതിനിധികളും കൺട്രോൾ റൂമിൽ പലതവണ എത്തി സ്ഥിതിഗതികൾ വിലയിരുത്തിയതായും കലക്ടർ അറിയിച്ചു.

ക്യാമ്പിലെത്തുന്ന സാധനങ്ങൾ ഏകീകൃതമായി വിതരണം ചെയ്യണമെന്ന് അദ്ദേഹം നിർദേശിച്ചു.

ജില്ലയിൽ 15 ടൺ ബ്ലീച്ചിങ് പൗഡർ വിതരണത്തിനെത്തിയതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എം എ കുട്ടപ്പൻ അറിയിച്ചു. അഞ്ചു ടൺകൂടി ഉടൻ ലഭ്യമാകും. ഇവ ആരോഗ്യകേന്ദ്രങ്ങളിലെത്തിച്ച് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്/ ആശാവർക്കർമാർ വഴി വിതരണം ചെയ്യും. ക്ലോറിനേഷനിൽ കിണറിന് പ്രാധാന്യം നൽകണം.

കിണറിലെ മലിനജലം മുഴുവനും മോട്ടോറുപയോഗിച്ച് വറ്റിച്ച ശേഷമുള്ള ജലത്തിലേ ക്ലോറിൻ ലയിപ്പിക്കാവൂ. ചെളിയുള്ള പ്രദേശങ്ങളിൽ ശുചീകരണപ്രവർത്തനങ്ങളിലേർപ്പെട്ടവർക്കുമാത്രമേ പ്രതിരോധമരുന്ന് ആവശ്യമുള്ളൂ. പാമ്പ്, പഴുതാര തുടങ്ങിയ ഇഴജന്തുക്കൾ മൂലകളിലും ചുമരിലും മറ്റും ഇല്ലെന്ന് ഉറപ്പാക്കിയശേഷമേ വീടിനുള്ളിലെ ശുചീകരണം തുടങ്ങാവൂയെന്നും അദ്ദേഹം പറഞ്ഞു.

## 1,13,711 പേർ വീട്ടിലേക്ക് മടങ്ങി

**കൊച്ചി**
മഴവെള്ളക്കെടുതി കുറഞ്ഞതിനെത്തുടർന്ന് ജില്ലയിലെ 317 ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനം അവസാനിപ്പിച്ചു.

1,13,711 പേർ സ്വന്തം വീടുകളിലേക്ക് തിരിച്ചുപോയി.

നിലവിൽ 761 ക്യാമ്പുകളിലായി 4,59,360 പേരാണ് കഴിയുന്നത്. ഇതിൽ 89,685 കുട്ടികളുമുണ്ട്.